പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **2708** **10.07. 2015-** ലെ മറുപടി

## പ്രവാസി സമഗ്ര പുനരധിവാസ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ടി.എൻ. പ്രതാപൻ<br>ശ്രീ. പാലോട് രവി<br>ശ്രീ. ആർ. സെൽവരാജ് | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ)പ്രവാസി സമഗ്ര പുനരധിവാസ പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; | എ) തിരികെ എത്തുന്ന പ്രവാസിമലയാളികൾക്ക് ഒരു സുസ്ഥിര വരുമാന മാർഗ്ഗം കണ്ടെത്തുക എന്ന ഉദ്ദേശത്തോടെ ഒരു സമഗ്ര പുനരധിവാസ പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. താഴെ പറയുന്ന 5 പ്രധാന ഘടകങ്ങളാണ് സമഗ്ര പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.<br><br>1) തിരികെയെത്തിയ പ്രവാസികളെ അവരുടെ താല്പര്യമനുസരിച്ച് വിദേശരാജ്യങ്ങളിലേക്ക് തന്നെ തൊഴിലിനായി മടക്കി അയക്കുക.<br><br>2) ആഭ്യന്തര തൊഴിൽമേഖലയിലേക്ക് തിരികെയെത്തിയ പ്രവാസികളുടെ പുനരേകീകരണം.<br><br>3) സ്വയം സംരംഭക സഹായ പദ്ധതി<br><br>4) പ്രവാസി സഹകരണ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന് സഹായിക്കുന്ന പദ്ധതി.<br><br>5) സ്വയംതൊഴിൽ/ നിക്ഷേപ സംരംഭങ്ങൾ.<br><br>സമഗ്ര പുനരധിവാസ പദ്ധതി നടപ്പാക്കുന്നതിന് വിവിധ രാജ്യങ്ങളിലെ ഇന്ത്യൻ എംബസികൾ, വിദേശ മലയാളി പ്രമുഖർ, പ്രവാസി മലയാളി സംഘടനകൾ, എന്നിവയുടെ സഹകരണവും കേന്ദ്ര സഹായവും അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ സഹകരണ വകുപ്പ് പോലെയുള്ള വിവിധ |

| | |
|---|---|
| | വകുപ്പുകളുടെ സഹകരണവും പദ്ധതി നടത്തിപ്പിന് അനിവാര്യമാണ്. ആയതിലേക്കായി വിവിധ തലത്തിലുള്ള ചർച്ചകൾക്കുവേണ്ടിയുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. തിരികെയെത്തി രജിസ്റ്റർ ചെയ്ത പ്രവാസികൾക്ക് നോർക്ക വകുപ്പ് നടപ്പാക്കിവരുന്ന പ്രവാസി പുനരധിവാസ പദ്ധതിയായ നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ്(NDPREM) മുഖേന സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ ബാങ്ക് ലോൺ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| ബി) പദ്ധതി പ്രകാരം സ്വയം തൊഴിൽ സംരംഭത്തിനായി വായ്പകൾ നൽകിയിട്ടുണ്ടോ ; | ബി) ഉണ്ട്. 915 പേർക്ക് കാനറാ ബാങ്കും യൂണിയൻ ബാങ്കും മുഖേന വായ്പ ലഭ്യമായിട്ടുണ്ട്. |
| സി) എങ്കിൽ ഏതെല്ലാം മേഖലകളിലാണ് വായ്പകൾ നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;<br><br>ഡി)പദ്ധതി നടത്തിപ്പിനായി ഭരണ തലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | സി & ഡി) ഈ പദ്ധതി പ്രകാരം കാർഷിക - വ്യവസായം(കോഴി വളർത്തൽ(മുട്ടക്കോഴി, ഇറച്ചിക്കോഴി)), മത്സ്യകൃഷി(ഉൾനാടൻ മത്സ്യകൃഷി, അലങ്കാര മത്സ്യ കൃഷി), ക്ഷീരോല്പാദനം, ഭക്ഷ്യ സംസ്കരണം, സംയോജിത കൃഷി, ഫാം ടൂറിസം, ആട്ട വളർത്തൽ, പച്ചക്കറി കൃഷി, പുഷ്പകൃഷി, തേനീച്ച വളർത്തൽ തുടങ്ങിയവയും), കച്ചവടം(പൊതു വ്യപാരം - വാങ്ങുകയും വിൽക്കുകയും ചെയ്യൽ), സേവനങ്ങൾ(റിപ്പെയർ ഷോപ്പ്, റസ്റ്റോറന്റുകൾ, ടാക്സി സർവ്വീസുകൾ, ഹോംസ്റ്റേ തുടങ്ങിയവ), ഉദ്പാദനം - ചെറുകിട – ഇടത്തരം സംരംഭങ്ങൾ(പൊടിമില്ലുകൾ, ബേക്കറി ഉൽപ്പന്നങ്ങൾ, ഫർണിച്ചറും തടിവ്യവസായവും, സലൂണുകൾ, പേപ്പർ കപ്പ്, പേപ്പർ റീസൈക്ളിംഗ്, ചന്ദനത്തിരി, കമ്പ്യൂട്ടർ ഉപകരണങ്ങൾ തുടങ്ങിയവയും) എന്നീ മേഖലകളിലാണ് സ്വയം തൊഴിൽ വായ്പ ലഭ്യമാക്കുന്നത്. |

നോർക്ക റൂട്ട്സും കനറാ ബാങ്ക്, യൂണിയൻ ബാങ്ക് എന്നിവരുമായി ഒപ്പു വെച്ചിട്ടുള്ള ധാരണാപത്രം പ്രകാരം റിസർവ്വ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായി നോർക്ക റൂട്ട്സ് ആണ് പദ്ധതി നടപ്പാക്കി വരുന്നത്. നോർക്ക റൂട്ട്സിലെയും ബാങ്കുകളുടെ പ്രതിനിധികൾ/ ഉദ്യോഗസ്ഥരടങ്ങിയ സ്ക്രീനിംഗ് കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി അപേക്ഷകരുടെ രേഖകൾ പരിശോധിച്ച് ലോണിനായി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുകയും ഗുണഭോക്താക്കളുടെ സമീപത്തുള്ള ബാങ്കിലേക്ക് ശുപാർശ ചെയ്യുകയും ചെയ്യുന്നു. ബാങ്ക് നിബന്ധനകൾക്ക് വിധേയമായി പ്രസ്തുത പ്രോജക്ടുകളുടെ 'ഫീസിബിലിറ്റി' പരിശോധിച്ച് ബാങ്കുകൾ ലോൺ വിതരണം ചെയ്യുന്നു.

സെക്ഷൻ ഓഫീസർ